## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3421 14/07/2015-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ നവജാതശിശുക്കളുടെ മരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നവജാതശിശുക്കളുടെ മരണം സംഭവിക്കുന്നത് അവസാനിപ്പിക്കുവാൻ ശാശ്വത പരിഹാര നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ? | (എ) | 2013 ൽ അട്ടപ്പാടിയിൽ ഉണ്ടായ ശിശുമരണത്തെ തുടർന്ന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിയ പദ്ധതികൾ മുഖേന അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, ശബല പദ്ധതി, അമൃതം ന്യൂട്രിഷൻ മിക്സ് വിതരണം, ആരോഗ്യവകുപ്പിന്റെ ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ് വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ-ഫോളിക് ആസിഡ് ഗുളികകൾ എന്നിവയുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രതിമാസം 1000/- രൂപ വീതം നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതി എന്നിവ യഥാവിധി നടപ്പാക്കി വരുന്നതിനാൽ നിലവിൽ ശിശുമരണ നിരക്ക് വളരെയധികം കുറഞ്ഞിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നവജാത ശിശുക്കളുടെ മരണം സംഭവിക്കുന്നത് അവസാനിപ്പിക്കുവാനുള്ള പരിഹാര നടപടികളുടെ ഭാഗമായി നടപ്പാക്കുന്ന ഇത്തരം പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നതായി ഇതു സൂചിപ്പിക്കുന്നു. കൂടാതെ, അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഫീൽഡ് തല ഉദ്യോഗസ്ഥരും എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർ യഥാസമയം ടി വിഭാഗക്കാർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നതിന് കർമ്മനിരതരാണ്. |

സെക്ഷൻ ഓഫീസർ